# തവനൂർ ഗ്രാമപഞ്ചായത്ത്

**വാർഡ് 15 (അയങ്കലം) സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്.**

**<u>( 2018-2019</u>സാമ്പത്തികവർഷത്തിൽ 2018 ഒക്ടോബർ 1 മുതൽ 2019 മാർച്ച് 31 വരെ നടന്നിട്ടുള്ള  പ്രവർത്തികളുടെ സോഷ്യൽ ഓഡിറ്റ്റിപ്പോർട്ട് - കരട്)**

**തയ്യാറാക്കിയത് : മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ മലപ്പുറം ജില്ലാ യൂണിറ്റ്/പൊന്നാനി ബ്ലോക്ക്**

**സമർപ്പണം: പതിനഞ്ചാം വാർഡ്  ഗ്രാമസഭ മുമ്പാകെ.**

തൊഴിലുറപ്പ് പദ്ധതിയില് ആറുമാസത്തിലൊരിക്കൽ നടന്നിരിക്കേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി തവനൂർ ഗ്രാമ പഞ്ചായത്തിന്റ്റ് പതിനഞ്ചാം വാർഡിൽ നടത്തിയ 2018-19 വർഷത്തിലെ ഒക്ടോബർ ഒന്നുമുതൽ മാർച്ച് 31 വരെയുള്ള കാലഘട്ടത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളുടെ സോഷ്യൽ ഓഡിറ്റ് കരട് റിപ്പോർട്ട് ആണിത്. കൂടുതൽ ചർച്ചകൾക്കും വിലയിരുത്തലിനും ഗ്രാമസഭയുടെ അംഗീകാരത്തിനുമായി ഗ്രാമസഭയുടെ മുമ്പിൽ സമർപ്പിക്കുന്നു.

**ആമുഖം**

ഭാരതത്തിലെ ഗ്രാമീണ ജനതയുടെ ജീവിത നിലവാരം മെച്ചപ്പെടുതുനതിനു വേണ്ടി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 സെപ്തംബര് 5 നു പാര് ലമെന് റ് പാസ്സാക്കി.നിയമത്തിന്റെ പിന്ബലമുള്ള അവകാശധിശാധിഷ്ട്ടിത പദ്ധതിയാണിത്.സ്ത്രീക്കും പുരുഷനും തുല്യ വേതനംഉറപ്പു വരുതുന്നതിനോടൊപ്പം ഗ്രാമീണ മേഖലയിലെ ഓരോ കുടുംബത്തിനും 100 ദിവസത്തെ വേതനതോട് കൂടിയ അവിധ്ഗ്ത കായിക തൊഴില് ഈ നിയമം ഉറപ്പു വരുത്തുന്നു.

മലപ്പുറം ജില്ലയിലെ പൊന്നാനി ബ്ലോക്കിൽ പെട്ട തവനൂർ ഗ്രാമപഞ്ചായത്ത് 25.28 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ളതാണ്. വടക്കും കിഴക്കും പടിഞ്ഞാറും ഭാഗങ്ങൾ ഭാരതപ്പുഴ ചുറ്റപ്പെട്ടുകിടക്കുന്ന പഞ്ചായത്തിന്റെ തെക്കുഭാഗത്ത് കാലടി ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നു.സ്ഥിതിചെയ്യുന്ന തവനൂർ സ്ഥലനാമപുരാണത്തിൽ 'താപസനൂർ' ആണ്. പ്രാക് ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന അനേകം ഗുഹകളും മൺപാത്രശേഖരങ്ങളും ഇവിടെകണ്ടെത്തിയിട്ടുണ്ട്. കാവുകൾ ധാരാളമുള്ള തവനൂർ ഒരിക്കൽ ദ്രാവിഡ സംസ്കൃതിയുടെ ഈറ്റില്ലമായിരുന്നു. കോഴിപ്പുറത്ത് മാധവമേനോൻ, എ.വി. കുട്ടിമാളുഅമ്മ എന്നിവർ ദേശീയ പ്രസ്ഥാനത്തിന് തവനൂരിൽ അടിത്തറ പാകി. കേരള ഗാന്ധി എന്നറിയപ്പെട്ടിരുന്ന കെ.കേളപ്പന്റെ നേതൃത്വത്തിൽ ദേശീയ പ്രസ്ഥാനം തവനൂരിൽ ശക്തി പ്രാപിച്ചു. 1948-ൽ ഗാന്ധിജിയുടെ ചിതാഭസ്മം തവനൂരിലും നിമജ്ജനം ചെയ്യപ്പെട്ടു. കേരളത്തിലെ വലിയ പഞ്ചായത്തുകളിൽ ഒന്നാണ് തവനൂർ. ഭാരതപ്പുഴയുടെ സാമീപ്യം തവനൂരിനെ ഒരു കാർഷിക ഗ്രാമമാക്കുന്നതിൽ നിർണായക പങ്കുവഹിക്കുന്നു. പ്രധാന വിളയായ നെല്ലിനു പുറമേ പയർ, എള്ള്, പച്ചക്കറികൾ, വാഴ, മരച്ചീനി, കുരുമുളക്, കവുങ്ങ്, റബ്ബർ എന്നിവയും ഇവിടെ കൃഷിചെയ്യുന്നു.കെ.എസ്.ആർ.ടി.സിയുടെ ഒരു റീജിയണൽ വർക്ഷോപ്പും കെൽട്രോണിന്റെ ഒരു യൂണിറ്റും ഈ പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്നു. ഫർണിച്ചർ നിർമ്മാണം, അടയ്ക്ക സംസ്കരണം തുടങ്ങിയവയിലേർപ്പെട്ടിട്ടുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ തവനൂരിന്റെ ഉത്പാദനമേഖലയെ സമ്പന്നമാക്കുന്നു. നാളികേരസംസ്കരണവും തുകൽച്ചെരിപ്പുനിർമ്മാണവും എടുത്തുപറയത്തക്ക കുടിൽ വ്യവസായങ്ങളാണ്. സ്കൂളുകൾ, ആതുര ശുശ്രൂഷാകേന്ദ്രങ്ങൾ, ഗ്രന്ഥശാലകൾ എന്നിവ ഇവിടത്തെ പ്രധാന പൊതുസ്ഥാപനങ്ങളാണ്. പഞ്ചായത്ത് അതിർത്തിയിൽനിന്ന് ഒരു കി.മീ. അകലെയാണ് കുറ്റിപ്പുറം റെയിൽവേ സ്റ്റേഷൻ. തൃശൂർ-കുറ്റിപ്പുറം ഹൈവേയും നാഷണൽ ഹൈവേ 17-ഉം ഈ പഞ്ചായത്തിലൂടെയാണ് കടന്നുപോകുന്നത്.2011 സെൻസസ് പ്രകാരം 34500പേർ ജീവിക്കുന്ന ഈ ഗ്രാമപഞ്ചായത്തിൽ 17212 പേർ സ്ത്രീകളും 16258 പേർ പുരുഷൻമാരുമാണ്.ആകെ 19 വാർഡുകളാണ് ഗ്രാമപഞ്ചായത്തിൽ ഉള്ളത്.ഇതില പതിനഞ്ചാം വാര്ഡായ അയങ്കലം ആണ് സോഷ്യൽ ഓഡിറ്റ് പ്രക്രിയക്കായി തെരഞ്ഞെടുത്തത..വാർഡ് പൊതുവെ ജനവാസകേന്ദ്രങ്ങളായ ചെങ്കൽ കുന്നുകളും ചെറിയൊരു ഭാഗം വയലുകളും നിറഞ്ഞതാണ്. വാർഡ് പൂർണ്ണമായും ഭാരതപ്പുഴയുടെ വൃഷ്ടി പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. തെങ്ങാണ് വാർഡിലെ പ്രധാന കാർഷികവിള. കൂടാതെ വാഴ, പച്ചക്കറികൾ, കുറഞ്ഞ അളവിൽ

നെല്ല് എന്നിവയും ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്. അയങ്കലം പഴയ ആശുപത്രി മുതല് അയങ്കലം ബാങ്ക് വരെയാണ് പതിനഞ്ചാം വാർ ഡിന്റെ വിസ്തൃതി.കിഴക്ക് എട്ടാം വാർഡ് ആയ കൂരട, തെക്ക് കല്ലൂര് എന്ന പ്രദേശവുംവടക്ക് കടകശ്ശേരി പടിഞ്ഞാറ് തവനൂർ പഞ്ചായത്ത് എന്നിങ്ങനെയാണ് ഈ വാർഡിന്റെ അതിർത്തി പ്രദേശങ്ങൾ.390 ഓളം കുടുംബങ്ങൾ ഉള്ള വാർഡ് ആണ് പതിനഞ്ചാം വാർഡ് ആയ അയങ്കലം. ആകെ 3630 ആണ് പതിനഞ്ചാം വാർഡിലെ ജനസംഖ്യ.വാട്ടർ പ്രധാനമായും ഒരു സ്കൂൾ രണ്ട് അംഗനവാടി ഒരു മൃഗാശുപത്രി ത്രി എന്നിവ പ്രവർത്തിക്കുന്നു. കൂടാതെ ഒരു അറബി കോളേജ് ഉണ്ട്.

**രീതി ശാസ്ത്രം**

തവനൂർ പഞ്ചായത്തിലെ പതിനഞ്ചാം വാർഡിലെ(അയങ്കലം)സോഷ്യൽ ഓഡിറ്റ് പ്രക്രിയയുടെ ഭാഗമായി നടത്തിയ പ്രവര്ത്തനങ്ങള് : 2019 നവംബർ25 മുതൽ ഒക്ടോബർ4 വരെയാണ്(അയങ്കലം)വാർഡിൽ സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായുള്ള വിശദമായ ഫയൽ പരിശോധനയും ഫീൽഡ് തല പരിശോധനകളും നടക്കുന്നത്.2018 -19 ഒന്നിനു ശേഷം നടന്നിട്ടുള്ള പ്രവർത്തികൾ മാത്രമാണ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയിരുന്നത്. ജീവനക്കാരുടെ എല്ലാവരുടെയും പരിപൂർണ പിന്തുണ നൽകിയിരുന്നു.തവനൂർ പഞ്ചായത്തിലെ തൊഴിലുറപ്പ് ജീവനക്കാരെ പ്രത്യേകം അഭിനന്ദിക്കാൻ ഈ അവസരം ഉപയോഗിക്കുന്നു. കൂടാത ജോയിൻറ് ബി.ഡി.ഒ, ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ, ജെപിസി എന്നീ ഉദ്യോഗസ്ഥന്മാരുടെയും പൂർണപിന്തുണ സോഷ്യൽ ഓഡിറ്റിന് ഉണ്ടായിരുന്നു. ഫീൽഡ് പ്രവർത്തനങ്ങൾക്ക് മേറ്റ്മാരായ ശ്രീമതി , ഷീജ,സിന്ധു,ഉഷ അവരുടെ സമയവും അറിവും അധ്വാനവും സ്വമേധയാ നൽകിയിട്ടുണ്ട്. വ്യക്തിജീവിതത്തിലെ പ്രതിസന്ധികൾക്കിടയിലും ഇതിനു സമയം കണ്ടെത്തിയ മേറ്റുമാരുടെ സമീപനം പ്രത്യേകം സ്മരിക്കുന്നു. വാർഡ് മെമ്പർ ശ്രീ.രാധാകൃഷ്ണൻ അവരുടെ അറിവുകളും സമയവും സോഷ്യൽ ഓഡിറ്റിനു വേണ്ടി നൽകിയിരുന്നു. പഞ്ചായത്ത് സെക്രട്ടറിയും വളരെയധികം സഹായകമായ നിലപാടാണ് സ്വീകരിച്ചത്. വർക്ക് ഫയലുകളുടെയും രജിസ്റ്ററുകളുടെയും വിശദമായ പരിശോധന, പ്രവർത്തി നടന്നിട്ടുള്ള സ്ഥലങ്ങളുടെ നേരിട്ട് ചെന്ന് വിശദമായ പരിശോധന, വീടുവീടാന്തരം കയറിയിറങ്ങിയുള്ള ഗുണഭോക്താക്കളുമായുള്ള അഭിമുഖങ്ങൾ, അങ്ങനെ വിശദമായ പ്രവർത്തനങ്ങളാണ് സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി നടന്നിട്ടുള്ളത്.

**തൊഴിലുറപ്പ്നിയമം തൊഴിലാളികൾക്ക് ഉറപ്പ്നൽകുന്ന പത്ത് അവകാശങ്ങൾ**

1. തൊഴിൽകാർഡിനു അപേക്ഷിക്കുവാൻ ഉള്ള അവകാശം
2. അപേക്ഷിച്ച്15 ദിവസത്തിനുള്ളിൽ തൊഴിൽലഭിക്കുവാനുള്ള അവകാശവും ആയതിന് കൈപ്പറ്റ് റസീത് ലഭിക്കുന്നതിനും ഉള്ള അവകാശം.
3. അല്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം.ആദ്യത്തെ 30 ദിവസം (1/4 &പിന്നീടുള്ള ദിവസങ്ങളിൽ 1/2)
4. ഷെൽഫ്ഓഫ് പ്രോജകറ്റ് തയ്യാറാക്കുവാനുള്ള അവകാശം.
5. അഞ്ച് കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം അല്ലെങ്കിൽ വേതനത്തിന്റെ 10% അധികംലഭിക്കുവാനുള്ള അവകാശം
6. കുടിവെള്ളം, വിശ്രമസൗകര്യം, പ്രഥമശുശ്രൂഷ സൗകര്യം ഇവലഭിക്കുന്നതിനുള്ള അവകാശം.
7. 15 ദിവസത്തിനുള്ളിൽ വേതനംലഭിക്കുന്നതിനുള്ള അവകാശം.
8. വേതനവിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം.
9. സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം
10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം.

**പദ്ധതിയുടെ നടത്തിപ്പ് തല സംവിധാനങ്ങൾ**

തൊഴിലുറപ്പ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി വാർഡ് തലത്തിലുള്ള തൊഴിലാളികളും മേറ്റുമാരും കൂടാതെ ഗ്രാമപഞ്ചായത്തിന്റെ ഓഫീസിലെ തൊഴിലുറപ്പു വിഭാഗത്തിലെ ജീവനക്കാരായ ഒരു അക്രെഡിറ്റഡ് എഞ്ചിനീയറും (ശ്രീ അമ്പു ഗണേശൻ) ഓവർസിയറും (ശ്രീ റഹീം) രണ്ട് ഡി.ഇ.ഒ /അക്കൗണ്ടന്റുമാരും (ശ്രീമതിദൃശ്യ, ശ്രീമതി അജിഷ) ഇതുകൂടാതെ വാർഡ് തലത്തിൽ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനായി വാർഡ് മെമ്പർ ശ്രീ രാധാകൃഷ്ണൻ വാർഡിലെ വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി അംഗങ്ങള് എന്നിവരുമുണ്ട്

**തവനൂർ ഗ്രാമപഞ്ചായത്തിലെ പതിനഞ്ചാം വാർഡിലെ തൊഴിലുറപ്പ് പദ്ധതി**

അയങ്കലം വാർഡിൽ ആകെ 673 പേരാണ് ജോബ് കാർഡിനുവേണ്ടി അപ്ലൈ ചെയ്തിട്ടുള്ളത്. 284 തൊഴിലാളികളാണ് തൊഴിലുറപ്പ് പദ്ധതിയിൽ ജോലിക്കായി രജിസ്റ്റർ ചെയ്തിട്ടുള്ളത്.കഴിഞ്ഞ സാമ്പത്തികവർഷം 21 പേർക്ക് ജോർജ് കാർഡ് ഇഷ്യു ചെയ്തിട്ടുള്ളതായി ഫയലുകൾ പരിശോധിച്ചപ്പോൾ കാണാൻ കഴിഞ്ഞു.ഇതിൽ 26പേർ സജീവ തൊഴിലാളികളാണ തുടക്കത്തിൽ ഉണ്ടായിരുന്നത് എന്നാൽ ഇപ്പോൾ 18 ഓളം പേരാണ് തൊഴിൽ ചെയ്യുന്നത്. ഈ വാർഡിൽ കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ നടപ്പിലാക്കിയിരിക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച വിശദവിവരങ്ങൾ പട്ടികയിൽ ചേർത്തിരിക്കുന്നു

**1. IHHL നിർമ്മാണം രമ്യ സുനിൽകുമാർ (RS/335765)**

**2. IHHL നിർമ്മാണം ശ്രീമതി (RS/253495)**

**3.ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം( IF/374313)**

**4. Life ഭവന നിർമ്മാണം മറിയുമ്മ കുറ്റിയാട്ടിൽ(IF/355287)**

**7 രജിസ്റർ പരിശോധന സംബന്ധിച്ച്.**

- തൊഴില്കാർഡ് രജിസ്റ്റർ: തൊഴിൽ കാർഡ് പരിശോധിച്ചപ്പോൾ 2018-19 വർഷത്തിൽ 673 പേരാണ് തൊഴിൽ കാർഡിന് അപേക്ഷിച്ചിരിക്കുന്നത് . ഇതിൽ 21 പേർക്ക് ജോബ് കാർഡ് ഇഷ്യു ചെയ്യുന്നതായി കാണാൻ സാധിച്ചു

  തൊഴില് രജിസ്ടര് പരിശോധിച്ചപ്പോള് വേതനം വൈകിയതിന്റെ വിവരങ്ങള് ഒന്നും

കാണാന്    കഴിഞ്ഞില്ല.

- <u>വര്ക്ക് രജിസ്റ്റർ:</u> പരിശോധിച്ചപ്പോള്    പതിനഞ്ചാം വാർഡിലെ 1 പ്രവൃത്തി രേഖപ്പെടുത്തിയതായി കാണുന്നുണ്ട്.(, ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ ജല സംരക്ഷണം) മറ്റ് മൂന്നു പ്രവർത്തികൾ കാണാൻ സാധിച്ചില്ല

- <u>പരാതി രജിസ്റ്റർ</u>:   പരാതി രജിസ്റ്റർ പരിശോധിച്ചപ്പോൾ പതിനഞ്ചാം വാർഡിലെ യാതൊരു പരാതിയും രേഖപ്പെടുത്തിയതായി കണ്ടില്ല.

- <u>മെറ്റീരിയൽ രജിസ്റ്റർ</u>:    2018-19 സാമ്പത്തിക വര്ഷത്തെ ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ ജലം മണ്ണ് ജലസംരക്ഷണം {(IF/374313)board-3000}, IHHL നിർമ്മാണം ശ്രീമതി {(RS/253495) sand,hollow block,cement,ceramic glazed, sundries},IHHL നിർമ്മാണം രമ്യാ സുനിൽകുമാർ {(RS/336765)stone,cement,sand,ceramic block, sundries} എന്നീ പ്രവർത്തികളുടെ മെറ്റീരിയൽ നെ കുറിച്ചുള്ള വിവരങ്ങൾ സൂക്ഷിച്ചിരിക്കുന്നു.

- <u>ഗ്രാമ സഭാ രജിസ്റ്റർ</u>  : ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ഗ്രാമസഭ രജിസ്റ്ററിൽ ഗ്രാമസഭയിൽ പങ്കെടുത്ത വ്യക്തികളുടെ പേര് വിവരങ്ങൾ തീരുമാനങ്ങൾ എന്നിവ ചേർത്തിരിക്കുന്നു.

- <u>അസറ്റ് രജിസ്റ്റർ :</u> അസറ്റ് രജിസ്റർ പരിശോധിച്ചപ്പോൾ ലൈഫ് ഭവന നിർമ്മാണം മറിയുമ്മ കുറ്റിയാടിയിൽ (asset id:16001888660), ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം (IF/374313) എന്നീ പ്രവർത്തിയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കു ന്നു

- <u>ഡിമാൻഡ് അല്ലോകേഷൻക്കേഷൻ ഓഫ് വർക്ക് ആൻഡ് പെയ്മെൻറ് ഓഫ് രജിസ്റ്റർ:</u> ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം(IF/374313)എന്ന പ്രവർത്തിയിൽ36 തൊഴിലാളികൾ തൊഴിലിന് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷിച്ചിരിക്കുന്നു. ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജലസംരക്ഷണപ്രവൃത്തി 36 പേർക്കും തൊഴിൽ അനുവദിച്ചതായും അവരുടെ attendence അനുസരിച്ച് വേജസ് അനുവദിച്ചതും കാണാൻ സാധിച്ചു.

**വര്ക്ക് ഫയലുകള്**

4 പ്രവര്ത്തികളുടെ വര്ക്ക് ഫയല്    പരിശോധിച്ചപ്പോള്    , Annual Master Circular അദ്ധ്യായം -7

പ്രകാരം ഒരു വര്    ക്ക് ഫയലില്     ഉണ്ടായിരിക്കേണ്ട 22 – രേഖകളിൽ 4 ഫയലുകളിൽ

*IHHL നിർമ്മാണം രമ്യ സുനിൽകുമാർ എന്ന ഫയലിൽ 12 രേഖകൾകാണാൻ കഴിഞ്ഞത്.

*IHHL നിർമ്മാണ ശ്രീമതി എന്ന ഫയലിൽ 12 രേഖകൾ കാണാൻ കഴിഞ്ഞു.

*ലൈഫ് ഭവന നിർമ്മാണം മറിയുമ്മ കുറ്റിയാടിയിൽ എന്ന ഫയലിൽ 13 രേഖകൾ കാണാൻ കഴിഞ്ഞു.

*ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം എന്ന ഫയലിൽ 14 രേഖകൾ കാണാൻ കഴിഞ്ഞു.

ഫയലില്     ലഭ്യമല്ലാത്ത രേഖകള്

സംയോജിത പദ്ധതി വിവരങ്ങള്     , അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ, ജനകീയ

എസ്റ്റിമേറ്റ്    ,,റോയല്    റ്റി, ജിയോ ടാഗുള്ള ഫോട്ടോകള്     , , സോഷ്യല്     ഓഡിറ്റ് റിപ്പോര്    ട്ടിന്    റെ കോപ്പി,

**കവര്  പേജ്.**

- പരിശോധിച്ച 4ഫയലുകളില്  കവര്  പേജിലെ വിവരങ്ങള്  കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്.
- ഭരണസമിതിയുടെ അന്ഗീകരത്തിന് വേണ്ടി ഉള്ള ഒരു രേഖ കവര്    പേജ് ആയി ഉള്    പ്പെടുത്തിയിട് ട്ടില്ല,
- കവര്    പേജില്    വര്    ക്കിന്റെ പേര് ,വര്    ക്ക് കോഡ്,പഞ്ചായത്ത്,പ്രവൃത്തി സ്ഥലം,പ്രവൃത്തി ആരംഭിച്ച തീയതി,അവസാനിച്ച തീയതി ,അടങ്ങള്     തുക, യഥാര്    ത്ഥ ചിലവ് ഓവറ്സീയറുടെ ഒപ്പ് ,ഷെൽഫ് ഓഫ് വർക്ക്, സീരിയല് നമ്പര്എന്നിവ  കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട് .എന്നാല്     ,പ്രവൃത്തിയുടെ വിഭാഗം,ജിയോ ടാഗ്,അസറ്റ് id , സംബന്ധിച്ച വിവരങ്ങള്     സോഷ്യല്     ഓഡിറ്റ് വിവരങ്ങള്     എന്നിവ കാണുവാന്     സാധിച്ചില്ല.

**ചെക്ക് ലിസ്റ്റ്**

- പരിശോധിച്ച 4ഫയലുകളിലും ചെക്ക് ലിസ്റ്റ് കാണുവാന്     സാധിച്ചു.
- ചെക്ക് ലിസ്റ്റില്     ഓരോ രേഖകളുടെയും പേജ് നമ്പര്     ചേര്ത്തിട്ടുണ്ട്.

**ആക്ഷന് പ്ലാന് കോപ്പി**

- തവനൂര് ഗ്രാമ പഞ്ചായത്തില് പരിശോധിച്ച 4ഫയലുകളിലും ആക്ഷന് പ്ലാനിന്റെ കോപ്പി കാണുവാന് സാധിച്ചു. പദ്ധതിയുടെ പേര് ,എസ്റ്റിമേറ്റ് തുക ,ഏത് വിഭാഗത്തിൽപ്പെടുന്നു എന്നിങ്ങനെയുള്ള വിവരങ്ങൾ ആക്ഷൻപ്ലാനിൽ കാണാൻ സാധിച്ചു

**എസ്റ്റിമേറ്റ്**

- പരിശോദിച്ച 4 ഫയലുകളിലും എസ്റ്റിമേറ്റ് കോപ്പി ഉള്പ്പെടുത്തിയതായി കാണുവാന് സാധിച്ചു.
- പരിശോധിച്ച 4ഫയലുകളി ലും ജനകീയ എസ്റ്റിമേറ്റ് ഉൾപ്പെടുത്തിയതായി കാണാൻ സാധിചില്ല. പ്രവർത്തിയുടെ എല്ലാ ഫയലുകളിലും ജനകീയ എസ്റ്റിമേറ്റ് (മലയാളത്തിൽ) പ്രവൃത്തിയെ സംബന്ധിച്ച വിവരങ്ങള് എല്ലാവർക്കും മനസ്സിലാക്കുന്നതിനു ഇത് സഹായകരമാണ്
- അബ്സ്ട്രക്റ്റ് ഓഫ് എസ്റ്റിമേറ്റ് ,വിശദമായ എസ്റ്റിമേറ്റ് എന്നിവ എല്ലാ ഫയലുകളിലും ഉള്പ്പെടുത്തിയിട്ടുണ്ട്.
- തൊഴിലാളി-സാധന ഘടകങ്ങള് സംബന്ധിച്ച വിവരങ്ങള് ,റേറ്റ്അനാലിസിസ്,ലീഡ്& ലിഫ്റ്റ് വിവരങ്ങള് ,ബോഡിനെ സംബന്ധിച്ച വിവരങ്ങള് എന്നിവ കൃത്യമായി ചേര്ത്തിട്ടുണ്ട്.കൂടാതെ CIB ബോർഡിനെ കുറിച്ചുള്ള വിവരങ്ങളും എസ്റ്റിമേറ്റ് ചേർത്തിട്ടുണ്ട്.
- വര്ക്ക് എസ്ടിമെടില് എ ഇ,ഓവര് സീയര് എന്നിവര് ഒപ്പ് സീല് എന്നിവ കാണുവാന് സാധിച്ചു.എന്നാല് ഒപ്പിനോടൊപ്പം തീയതി രേഖപ്പെട്തിയിടില്ല.

**സാങ്കേതിക അനുമതി**

- പരിശോധിച്ച 4 ഫയലുകളിലും സാങ്കേതിക അനുമതിയുടെ കോപ്പി ഉള് പ്പെടുത്തിയിട്ടുണ്ട്.

* എസ്റ്റിമേറ്റ് തുക,തൊഴിലാളി-സാധന ഘടകങ്ങള് എന്നിവ കൃത്യമായി രേഖപ്പെടുത്തി എ ഇ ,ഓവര് സീയര് എന്നിവ ഒപ്പ്,സീല് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാല്

തീയതി രേഖപ്പെടുതിയിടില്ല.

**ഭരണാനുമതി**

- പരിശോധിച്ച 4 ഫയലുകളില്ലും ഭരണാനുമതിയുടെ പകര്പ്പ് സൂക്ഷിച്ചിട്ടില്ല.

**മസ്ടര് റോള്**

- പരിശോധിച്ച 4 ഫയലുകളിലും അവിദഗ്ധ,വിദഗ്ധ തൊഴിലാളികളുടെ മസ്ടര് റോളുകള് സൂക്ഷിച്ചിട്ടുണ്ട്.
- ബിഡിഒ,സെക്രട്ടറി,മസ്ടര് റോള് പരിശോധിച്ച ഉദ്യോഗസ്ഥന് ,മേററ് എന്നിവരുടെ ഒപ്പ് ,സീല് എന്നിവ ഉള് പ്പെടുത്തിയിട്ടുണ്ട്.
- തവനൂര് പഞ്ചായത്തുകളിലെ മസ്ടര് റോളുകളില് എം ബുക്ക് നമ്പര് ,പ്രവര് ത്തി ചെയ്ത തീയതി എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- തൊഴിലാളികളുടെ ഹാജര് വിവരങ്ങള് ,ഒപ്പ്,ഒരു ദിവസത്തെ വേതനം,ആകെ വേതനം,പണിയായുധങ്ങളുടെ വാടക എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.
- തവനൂര് പഞ്ചായത്തില് ആയുധങ്ങള് മൂര് ച്ച കൂട്ടുന്നതിനുള്ള വാടക തൊഴിലാളികള്ക്ക് കൊടുത്തതായി ഫയലുകളില് രേഖപ്പെടുത്തിയതായി കണ്ടില്ല.
- സെക്രട്ടറി,ബി ഡി ഒ എന്നിവര് ഒപ്പിനോടൊപ്പം തീയതി രേഖപ്പെടുത്തിയിട്ടില്ല.
- ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം (IF/374313) എന്ന്പ്രവർത്തികളുടെ മസ്റ്റ് റോളുകളിൽ വെട്ടിത്തുരുത്തലുകൾ കാണാൻ സാധിച്ചു.ടോട്ടൽ എമൗണ്ട് ഡ്യൂ അക്കൗണ്ടിംഗ് അറ്റൻഡൻസ് എന്ന കോളത്തിലും ടോട്ടൽ അറ്റൻഡൻസ് എന്ന കോളത്തിലും ആണ് കാണാൻ കഴിഞ്ഞത് MSR no:10707,12400..

**വേജ് ലിസ്റ്റ്**

- ഫയലുകളില് എംഐഎസ് ഇല് നിന്നും ഉള്ള വേജ് ലിസ്റ്റ് ആണ് സൂക്ഷിച്ചിട്ടുള്ളത്.
- അവിദഗ്ധ,വിദഗ്ദ്ധ/അര് ദ്ധ വിദഗ്ദ്ഹ തൊഴിലാളികളുടെ വേജ് ലിസ്റ്റുകള് പ്രത്യേകം സൂക്ഷിച്ചിട്ടുണ്ട്.
- പരിശോധിച്ച 4 ഫയലുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് കാണാൻ സാധിച്ചത്.

**എഫ്.ടി.ഒ**

- പരിശോധിച്ച 4ഫയലുകളിൽ  എഫ്.ടി.ഒ കാണാൻ സാധിച്ചു.
- സാധന ഘടകങ്ങള്     ഉള്ള വര്ക്കുകളില്     എഫ് ടി ഒ കൃത്യമായി സൂക്ഷിച്ചിട്ടുള്ളത്.

**ഡിമാന്     ഡ് ഫോം**

- പരിശോധിച്ച 4 ഫയലുകളിൽ 1(IF/374313))ഫയലിൽ മാത്രമാണ് എഴുതിതയ്യാരാക്കിയ തൊഴില്     ആവശ്യപ്പെട്ടുകൊണ്ടുള്ള ഗ്രൂപ്പ് അപേക്ഷ കാണുവാന്     സാധിച്ചത്.(26 പേർ)
- ഇതില്     തൊഴിലാളികളുടെ പേര് ,തൊഴില്     കാര്ഡ് നമ്പര്     എന്നിവ മാത്രമാണ് രേഖപ്പെടുതിയിരിയ്ക്കുന്നത്.
- വര്ക്ക് ഫയലില്     ഉള്     പ്പെടുത്തിയിട്ടുള്ള അപേക്ഷ ഫോമില്     പഞ്ചായത്തില് നിന്നും കൈപ്പറ്റിയ മറുപടി രസീറ്റ് ചേർത്തിട്ടില്ല.
- ഗ്രൂപ് അപേക്ഷയില്     തൊഴിലാളികളുടെ ഒപ്പ്,തീയതി,ആവശ്യപ്പെട്ടിരിക്കുന്ന തൊഴില്     ദിനങ്ങള്     എന്നിവയൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

**വര്     ക്ക് അല്ലോകെഷന്     ഫോം**

- 4 ഫയലുകളിൽ ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം എന്ന ഫയലിൽ ആണ് വർക്     അല്ലോക്കേഷന്     ഫോം സൂക്ഷിചിടുള്ളത്.അപേക്ഷിച്ച തൊഴിലാളികളുടെ പേര്,തൊഴില്     അനുവദിച്ച തീയതി ,കാലയളവ് എന്നിവ കൃത്യമായി ചേര്     ത്തിട്ടുണ്ട്.

**മസ്ററ്     റോള് മൂവ്മെന്റ് സ്ലിപ്/ഫയല്     ട്രാക്കിംഗ് ഫോം**

- തവനൂര്     ഗ്രാമ പഞ്ചായത്തിലെ പതിനഞ്ചാംവാർഡിൽ  പരിശോധിച്ച  4വര്ക്ക് ഫയലുകളിലും മസ്റ്റർറോള് മൂപ്മെന്റ് സ്ലിപ്പ് സൂക്ഷിചിരിയ്ക്കുന്നു.

- ഇതില്‍ മസ്ടര്‍ റോള്‍ നമ്പര്‍ ,ആരംഭിച്ച തീയതി,അവസാനിച്ച തീയതി,എം ഐ എസില്‍ വിഅര്‍ങ്ങള്‍ രേഖപ്പ്ടുത്തിയ തീയതി ,എഫ് ടി ഒ ഫസ്റ്റ് സിഗ്നേച്ചറി,സെക്കന്റ് സിഗ്നേച്ചറി തീയതികള്‍ രേഖപ്പെടുത്തിയിട്ടുണ്ട്.
- പ്രവൃത്തിയുടെ അളവ് സംബന്ധിച്ച വിവരങ്ങള്‍ രേഖപ്പെടുത്തിയ തീയതികള്‍ ഉള്‍ പ്പെടുത്തിയിട്ടില്ല.

**മെറ്റീരിയല്‍ സംബന്ധിച്ച വിവരങ്ങള്‍**

- മെറ്റീരിയൽ വാങ്ങിയതിന് ബില്ല് കൃത്യമായി സൂക്ഷിച്ചിരുന്നതായി ഫയലുകൾ പരിശോധിച്ചപ്പോൾ കാണാൻ കഴിഞ്ഞു. IHHL നിർമ്മാണത്തിലാണ് മെറ്റീരിയൽ വാങ്ങിയതിന് ബില്ലുകൾ കാണാൻ കഴിഞ്ഞത് അത്
- എന്നാല്‍ കൊട്ടേഷന്‍ വിളിച്ചതിന്റെ രേഖകള്‍ ,കംപാരറ്റീവ് സ്റ്റെമെന്റ്,പര്‍ ച്ചേസ് ഓര്‍ ഡര്‍ എന്നിവയൊന്നും തന്നെ ഫയലുകളില്‍ കാണുവാന്‍ സാധിച്ചില്ല.
- ബോര്‍ഡിന്‌റെ ബില്ലുകള്‍ ഫയലില്‍ സൂക്ഷിച്ചിട്ടില്ല.

**സംയോജിത പ്രവൃത്തികളെ സംബന്ധിച്ച വിവരങ്ങള്‍**

- പരിശോധിച്ച 4 ഫയലുകളിൾ സംയോജിത പ്രവൃത്തികൾ നടന്നി രിക്കുന്നു. ലൈഫ് ഭവന നിർമ്മാണം, IHHL നിർമ്മാണം എന്നിവ സംയോജിത പദ്ധതിയിൽ പെടുന്നു. എന്നാൽ ഇതിന് ആവശ്യമായ രേഖകൾ ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.

**പ്രവൃത്തി പൂര്‍ ത്തീകരണ സാക്ഷ്യപത്രം**

- പരിശോധിച്ച ഫയലുകളില്‍ പൂര്‍ ത്തീകരിച്ച 4 വര്‍ ക്കുകളില്‍ പ്രവൃത്തി പൂര്‍ ത്തീകരണ സാക്ഷ്യപത്രം ഉള്‍പ്പെടുതിയിട്ടുണ്ട്. അംഗീകൃത ഉദ്യോഗസഥരുടേ സിൽ, ഒപ്പ് എന്നിവ കാണാൻ സാധിച്ചില്ല.

**എം ബുക്ക്**

- പരിശോധിച്ച ഫയലുകളില്‍ എല്ലാം തന്നെ എം ബുക്ക് ഉള്‍ പ്പെടുത്തിയിട്ടുണ്ട്.

- എം ബുക്കില്   പ്രവൃത്തിയുടെ പേര്,എം ബുക്ക് നമ്പര്   ,പേജ് നമ്പര്   ,ഓവര്   സീയര്   ,അക്രെഡിറ്റ് എന്   ജിനീയര്   എ എന്നിവരുടെ ഒപ്പ്,സീല് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്, തീയതി രേഖപെടുത്തിയിട്ടില്ല
- എം ബുക്ക് സെക്രട്ടറി സര്ട്ടിഫൈ ചെയ്തു ഒപ്പ്, സീല്   എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- പ്രീ മെഷര്   മെന്റ് ,എ എസ്,ടി എസ് നമ്പര്   ,മാസ്ററ്   റോള് നമ്പര്   എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
- അടങ്കല്   തുക,യഥാര്   ത്ഥ ചെലവ് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.

**ഫോട്ടോഗ്രാഫ്**

- പരിശോധിച്ച 4ഫയലുകളി ല് ഭവന നിർമ്മാണം  മറിയുമ്മ കുറ്റിയാടിയിൽ എന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിലുള്ള ഫോട്ടോഗ്രാഫ്കാണുവാന്   സാധിചു .

**ജിയോ ടാഗ്ഗ്ഡ് ഫോട്ടോഗ്രാഫ്**

- പരിശോധിച്ച ഫയലുകളിലോന്നും തന്നെ ജിയോ ടാഗ്ഗ്ഡ് ഫോട്ടോഗ്രാഫ് ഉള്   പ്പെടുത്തിയിട്ടില്ല.

**സൈറ്റ് ഡയറി**

- പരിശോധിച്ച പ്രവൃത്തികളുടെ 4ഫയലുകളിൽ 1 ഫയലിൽ സൈറ്റ് ഡയറി സൂക്ഷിച്ചിട്ടുള്ളത്. ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം ഫയലാണ് സൈറ്റ് ഡയറി  കാണാൻ കഴിഞ്ഞത്
- പ്രൊജക്റ്റ് മീറ്റിങ്ങിന് 28 പേർ പങ്കെടുത്തു നിൽക്കുന്നതായി സൈറ്റ് ഡയറിയിൽ കാണാൻ കഴിഞ്ഞു . ഇതിൽ ഓവർസിയർ, മെമ്പർ , മേറ്റ്എന്നിവർ ഒപ്പു രേഖപ്പെടുത്തിയിരിക്കുന്നു.
- പ്രവൃത്തിയുടെ പേര്,കോഡ്,ആരംഭിച്ച തീയതി,അവസാനിച്ച തീയതി,അടങ്കല് തുക,യഥാര്   ത്ഥ ചെലവ്,ചെക്ക് ലിസ്റ്,പ്രവൃത്തി  ആരംഭ മീറ്റിങ്ങിന്റെ വിവരങ്ങള്   ,തൊഴിലാളികളുടെ സാക്ഷ്യപത്രം,വിജിലെന്സ് ആന്റ്  മോനിട്ടരിംഗ്

കമ്മിറ്റിയുടെ വിവരങ്ങള് ,സന്ദര്ശക കുറിപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.

- പണിയായുധതിന്റെ വാടക സംബന്ധിച്ച വിവരങ്ങള് ,പ്രവൃത്തി സ്ഥലത്തെ സൌകര്യങ്ങള് , എന്നിവയെ കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട് ഉണ്ട് എന്നാൽ ചികില്സചെലവ് സംബന്ധിച്ച വിവരങ്ങള് എന്നിവ രേഖപ്പെടുത്തിയിട്ടില്ല
- വി എം സി കമ്മറ്റിയിലെ അംഗങ്ങളുടെ പേര് വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു
- സന്ദർശക കുറിപ്പിൽ ഓവർസിയർ ഉം മെമ്പറും ഒപ്പ് , തീയതി,രേഖപ്പെടുത്തിയിരിക്കുന്നു .

**കണ്ടെത്തലുകള്**

- ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് , ജലസംരക്ഷണം, പ്രവൃത്തി നടന്ന സ്ഥലങ്ങളുടെ വിവരങ്ങള് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല ഇതുമൂലം ഫീൽഡ് പരിശോധന സമയത്ത് പ്രവൃത്തി നടന്ന സ്ഥലം കണ്ടെത്തുന്നതിനു വളരെയധികം ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നു
- ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം മസ്റ്റർ റോൾ നമ്പർ 10707,12400മസ്റ്ററോളിൽ വെട്ടിത്തിരുത്തലുകൾ കാണാൻ സാധിച്ചു. ( അനുബന്ധം 1)
- ലൈഫ് ഭവന നിർമ്മാണം മറിയുമ്മ കുറ്റിയാടിയിൽ എന്ന ഫയലിൽ വിവിധ ഘട്ട ങ്ങളിലെ ഫോട്ടോഗ്രാഫുകൾ കാണാൻ സാധിച്ചു
- ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം എന്ന പദ്ധതിയിൽ എം ബുക്ക് പ്രകാരം ബോർഡിന് 3000 രൂപ വകയിരുത്തിയിരിക്കുന്നത് ആയി കാണാൻ കഴിഞ്ഞു.
- സംയോ ജിത പദ്ധതിയായ ലൈഫ് ഭവന നിർമ്മാണം എന്ന പ്രവർത്തിയിൽ VEO യുടെ സാക്ഷ്യപത്രം കാണാൻ സാധിച്ചു.

**CIB യെ കുറിച്ചുള്ള വിവരങ്ങള്**

- പദ്ധതിയുടെ നടത്തിപ്പിന് റെ സുതാര്യത ഉറപ്പ് വരുത്തുന്നതിന് വേണ്ടി തൊഴിലുറപ്പില്

സ്ഥാപിക്കാറുള്ള സിറ്റിസണ് ഇന് ഫര് മേഷന് ബോര് ഡ് എല്ലാ സ്ഥലങ്ങളിലും കാണാന് കഴിഞ്ഞില. ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണത്തിന് ആണ് എം പ്രകാരം 3000 രൂപ ബോർഡുമായി വകയിരുത്തിയിരിക്കുന്നത് .

## അവകാശ നിഷേധങ്ങള്

### പണിയായുധങ്ങളുടെ മൂർച്ച കൂട്ടുന്നതിനുള്ള പണം

തവനൂർ പഞ്ചായത്തിൽ ആയുധങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നുണ്ട് എന്നാൽ ഇത് വർഷങ്ങൾക്കു മുൻപ് നൽകിയതാണ് മൂർച്ചഎല്ലാം പോയി കഴിഞ്ഞിരിക്കുന്നു... മൂർച്ച കൂട്ടുന്നതിന് ആവശ്യമായ പണം പഞ്ചായത്തിൽ നിന്നും ലഭ്യമാകുന്നില്ല... മൂർച്ച ഇല്ലാത്ത ആയുധങ്ങളും ഉപയോഗിക്കുന്നതിലൂടെ കൃത്യമായ സമയത്ത് തൊഴിൽ നടന്നുപോകാതെ വരുന്നു...അതുകൊണ്ടുതന്നെ ചില ആയുധങ്ങൾ സ്വന്തം വീട്ടിൽ നിന്നും കൊണ്ടുവരുന്ന വരുണ്ട് അവർക്ക് sharpening ചാർജ് ലഭ്യമാക്കുന്നുണ്ട് എന്ന് അറിയിച്ചു.

### തൊഴിൽ സ്ഥലത്തെ സൗകര്യങ്ങൾ

പ്രവർത്തി സ്ഥലത്ത് അപ്രതീക്ഷിതമായി എന്തെങ്കിലും അപകടങ്ങൾ ഉണ്ടായാൽ പ്രഥമ ശുശ്രൂഷ നൽകാൻ ഉള്ള സംവിധാനമായ ഫസ്റ്റ് എയ്ഡ് ബോക്സ് തുടക്കത്തിൽ മാത്രമേ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടൊള്ളൂ. നിലവിൽ അവിടെ പ്രഥമ ശുശ്രൂഷകിറ്റ ഉണ്ട് അത് പക്ഷേ മേറ്റ് സ്വന്തം ചെലവിൽ വാങ്ങിയതാണ് അവസ്ഥ.

തൊഴിൽ സ്ഥലത്ത് വിശ്രമിക്കാനുള്ള തണൽ ഒരുക്കുന്നതിനുള്ള പന്തൽ കാണാൻ കഴിഞ്ഞില്ല. മാത്രമല്ല കുടിവെള്ള സൗകര്യമൊരുക്കുന്നതിന് കൃത്യമായ ഒരു രീതിയില്ല എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത് ചില ദിവസങ്ങളിൽ തൊഴിലാളികൾ കൊണ്ടുവരും ചില ദിവസങ്ങളിൽ വീട്ടുടമയിൽ നിന്നും ലഭിക്കും. മറ്റു ചിലപ്പോൾ തൊഴിലിടങ്ങളിൽ തൊഴിലാളികൾ ചൂടാക്കി എടുക്കും എന്നാണ് കുടിവെള്ള സൗകര്യത്തെ പറ്റി തൊഴിലാളികൾ പറഞ്ഞത്.കുടിവെള്ളത്തിനു വേണ്ടിയിട്ടുള്ള കുടം ക്ലാസ്സ് തുടങ്ങിയവയെല്ലാം ലഭ്യമല്ല . അവർക്ക് ലഭ്യമായിട്ടുള്ള ബൂട്ട്സ് വളരെ ഭാരമേറിയതുംകൂടാതെ മഴക്കാലത്ത് വെള്ളം ഇറങ്ങിയ അവരുടെ കാലുകളിൽ അ ലർജി ഉണ്ടാകുന്നതായി അറിയാൻ കഴിഞ്ഞു അതുകൊണ്ടുതന്നെ അവർ അത്തരത്തിലുള്ള ബൂട്ട്സ്ഒഴിവാക്കി ചാക്കുകളും കവരുകളും ആണ് കാലിൽ കെട്ടിയിരിക്കുന്നത് മറ്റ് ചില തൊഴിലാളികൾ യാതൊരു തരത്തിലുള്ള സുരക്ഷിത മാർഗ്ഗങ്ങളും സ്വീകരിച്ചിട്ടില്ല.. മഴയത്തും വെയിലത്തും പണിയെടുക്കുമ്പോൾ ടാർപോളിൻ ഷീറ്റ് അത്യാവശ്യമാണ്.അല്ലെങ്കിൽ മഴക്കാലത്ത് ഉപയോഗിക്കുന്നതിന് വേണ്ടി ഒരു റെയിൻകോട്ട്

ആവശ്യമാണ്. തൊഴിലുറപ്പ് പദ്ധതിയുടെ വാര്‍ഷിക മാസ്റ്റര്‍ സര്‍ക്കുലറിലെ അധ്യായം 8- 8.2 പ്രകാരം പ്രവര്‍ത്തി .സ്ഥലത്ത് വേണ്ടതായ അടിസ്ഥാന സൗകര്യങ്ങളുടെ ലംഘനമാണ് ഇത് സൂചിപ്പിക്കുന്നത്. അവർ പ്രധാനമായും മുന്നോട്ടുവെച്ച ആവശ്യങ്ങൾ റെയിൻകോട്ട്, തൊപ്പി യൂണിഫോം, ഐഡൻറിറ്റി ടാഗ് എന്നിവ ലഭ്യമാക്കണമെന്നാണ്.

***11 വർഷമായി സ്ഥിരമായി പതിനഞ്ചാം വാർഡിൽ ജോലി ചെയ്തുവരുന്ന സരോജിനി, കുഞ്ഞമ്മു (വാർഡ്14)&വനജ(വാർഡ്17) എന്നിവരക്ക് ഇപ്പോൾ തൊഴിൽ അപേക്ഷിച്ചിട്ടും മസ്റ്റർ റോളിൽ പേര് ചേർക്കുന്നില്ല എന്നൊരു പരാതി പറഞ്ഞു.20/11/19 വരെ പതിനഞ്ചാം വാർഡിൽ ജോലി ചെയ്തിട്ടുണ്ട്.തൊഴിലാളികൾക്ക് അവരുടെ ഇഷ്ടപ്രകാരം ഏതു വാർഡിലേക്ക് ജോലി ചെയ്യാൻ പോകാനുള്ള അവകാശമുണ്ട്. എന്നാൽ ഇത് ഇവിടെ നിഷേധിക്കപ്പെ ട്ടി രിക്കുകയാണ് .പഞ്ചായത്തിൽ നിന്നും ഇതിനെ കുറിച്ച് അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത് പതിനഞ്ചാം വാർഡിൽ ഉള്ള തൊഴിലാളികൾ മാത്രം പതിനഞ്ചാം വാർഡിൽ ജോലി ചെയ്താൽ മതി എന്നാണ് ബോർഡ് തീരുമാനമെന്നാണ് തൊഴിലാളി യായ പരാതിക്കാരി പറഞ്ഞത്.**

## വിജിലന്‍സ് & മോണിറ്ററിംഗ് കമ്മറ്റി

പരിശോധിച്ച 4ഫയലുകളില്‍ ഒരു ഫയലിലാണ് സൈറ്റ് ഡയറി ഉണ്ടായിരുന്നത്.ഇവയില്‍ എല്ലാം തന്നെ വിജിലന്‍സ് & മോണിട്ടറിംഗ് കമ്മറ്റിയിലെ അംഗങ്ങള്‍ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.തൊഴിൽ തുടങ്ങുന്നതിനു മുമ്പ് വിഎംസി അംഗങ്ങൾ വരികയും ഒപ്പ് രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ടെന്ന് മേറ്റ് അറിയിച്ചു.. പ്രവർത്തന യോഗ്യമായ വി എംസി അംഗങ്ങളാണ് ഉള്ളത്

## നിരീക്ഷണങ്ങള്‍

<u>മേറ്റ്മാരെ സംബന്ധിച്ചുള്ള നിരീക്ഷണങ്ങള്‍</u>

- പദ്ധതിയുടെ നടത്തിപ്പിന് മേല്‍നോട്ടം വഹിക്കുന്ന മേറ്റുമാരായ ഷീജ, ശ്രീമതി ,സിന്ധു ,ഉഷ വളരെയധികം കഴിവുറ്റ ആളണ് ഇവരെപ്പറ്റി മനസ്സിലാക്കാന് കഴിഞ്ഞത. ആവശ്യമായ പരിശീലനങ്ങളും പിന്തുണയും നല്‍കിയാല്‍ ഇവരുടെ സേവനം വാര്‍ഡിലെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിന് വലിയ മുതല്‍ക്കൂട്ടായിരിക്കും. തൊഴിലുറപ്പ് നിയമം, പരിസ്ഥിതി സംരക്ഷണം, നീര്‍ത്തടാതിഷ്ടിത വികസന സമീപനം എന്നിവയില്‍ മേറ്റ്മാര്‍ക്ക് പ്രാഥമികമായ പരിജ്ഞാനം

ഉണ്ടാവുന്നത് വാര്   ഡിനെ സംബന്ധിച്ചിടത്തോളം ഏറെ ഗുണകരമായിരിക്കും.

തൊഴില്   കാര്ഡ് സംബന്ധിച്ചുള്ള നിരീക്ഷണങ്ങള്

തൊഴിൽ സ്ഥലത്തു ചെന്ന് തൊഴിലാളികളുടെ തൊഴില്  കാര്ഡും അവരുടെ ബാങ്ക് പാസ്സ്ബുക്കും പരിശോധനക്ക് വിധേയമാക്കിയിരുന്നു. ഇതില്   നിന്നും മനസ്സിലാക്കാന്   കഴിഞ്ഞതനുസരിച്ച് ഹാജർ രേഖപെടുത്തുന്നതിനോടൊപ്പം തീയതി രേഖപ്പെടുതുന്നതിനാൽ ഏതു ദിവസമാണ് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നതെന്നും ഏത് ദിവസങ്ങളിലാണ് വരാതിരുന്നിട്ടുള്ളതും എന്നും മനസ്സിലാക്കാൻ സാധിച്ചു. സൈറ്റിൽ നവംബർ 25ന് സന്ദർശിച്ചപ്പോൾ 15 പേരാണ് തൊഴിൽ എടുത്തിരുന്നത് അവരുടെ തൊഴിൽ കാർഡ് പരിശോധിച്ചപ്പോൾ പത്ത് പേർ 50 ദിവസത്തിനു മുകളിൽ പൂർത്തിയാക്കി ഇരിക്കുന്നവരാണ് .**{{(Job card no v/days)15/11-70,15/05-76,15/18-60,15/13-54,15/99-72,15/21-36,15/22-38,15/06-69,15/92-45,15/16-30,15/63-56,15/10-31,15/24-67,15/01-62,15/86-58}}**

മസ്റ്റര്  റോള്   മൂവ്മെന്  റ്, പ്രവര്   ത്തിയുടെ നടത്തിപ്പ്.

വാര് ഡിലെ തൊഴിലുറപ്പ് പ്രവര് ത്തനങ്ങള്   നിരീക്ഷിച്ചപ്പോള്   മനസ്സിലാക്കാന് കഴിഞ്ഞത് പ്രകാരം പ്രിന്  റ് ചെയ്ത മസ്റ്റര് റോള്  പ്രവര്  ത്തി സ്ഥലത്തെത്തിക്കുന്നത് മേറ്റ തന്നെയാണ്. മസ്റ്റർറോൾ പ്രിൻറ് ചെയ്ത കോപ്പി കൊണ്ടുവരുന്നതിനും തിരിച്ചു കൊണ്ടു പോകുന്നതിനു യാത്ര ചിലവ് ഏറെ ബുദ്ധിമുട്ടുള്ള കാര്യമാണെന്ന് മേറ്റ് നിന്നും അറിയാൻ സാധിച്ചു. കൂടാതെ ഇതിനുള്ള യാത്ര ചിലവ് അവ ലഭിക്കാനുള്ള സാധ്യത കുറിച്ചും മേറ്റ് ചോദിച്ചു.

പ്രവൃത്തികളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള നിരീക്ഷണങ്ങള്   .

വ്യക്തിഗത ആസ്തികള്   സൃഷ്ടിക്കുന്നതിന് വേണ്ടിയുള്ള പ്രവര് ത്തനങ്ങളില് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ BPL,sc വിഭാഗങ്ങൾക്ക് മുൻഗണന നൽകുന്നു.ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വ്യക്തികൾക്കും എസ് സി കുടുംബങ്ങൾക്കും ആണ് മുൻഗണന നൽകിയിരിക്കുന്നത്.

പദ്ധതിപ്രവര്  ത്തനങ്ങള്   സംബന്ധിച്ച സ്ഥല പരിശോധനയില്   മനസ്സിലാക്കാന് കഴിഞ്ഞ കാര്യങ്ങള്   .

വ്യക്തിഗത ഗുണഭോക്താക്കള്   വരുന്ന പ്രവൃത്തികള് ക്ക് പൊതുവേ ഉയര് ന്ന

ഗുണനിലവാരം കാണാന്  കഴിഞ്ഞു. മാത്രമല്ല ഗുണഭോക്തൃവിഹിതം കൂടി ചെലവഴിച്ച് ഇത്തരം ആസ്തികള് മെച്ചപ്പെടുത്താന് ശ്രമിച്ചിട്ടുണ്ട്. ഭൂവികസന പ്രവര് ത്തനങ്ങള് പല പേരുകളിലായിട്ടുള്ള പദ്ധതികളായിട്ടാണ് നടപ്പില്  വരുത്തുന്നത്. ചെറുകിട നാമമാത്ര കര്  ഷകരുടെ ഭൂമിയില്  മണ്ണ് ജല സംരക്ഷണം, ദുര്  ബല വിഭാഗങ്ങളുടെ ഭൂമിയിലെ മണ്ണ് ജല സംരക്ഷണ പ്രവര്  ത്തനങ്ങള് , തരിശ് ഭൂമി കൃഷി യോഗ്യമാക്കല്  എന്നിങ്ങനെയുള്ള പദ്ധതികള് ക്കെല്ലാം സമാന സ്വഭാവമുള്ള പ്രവര്  ത്തനങ്ങളാണ് നടന്നിട്ടുള്ളത്.

- ★ ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ്, ജല സംരക്ഷണം, ഈ പ്രവര്  ത്തനങ്ങളുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികളുമല്ല  നടന്നിരിക്കുന്നത്. എസ്റ്റിമേറ്റ് പ്രകാരം 8സ്റ്റോൺ ബണ്ടകൾക്ക് പകരം 10സ്റ്റോൺ ബണ്ടുകലാണ് കാണാൻ കഴിഞ്ഞത്.76 ഏർത്ത് ബണ്ട് പകരം10എണ്ണം മാത്രമേ കാണാൻ കഴിഞ്ഞുള്ളൂ.15ജൈവവേലിയാണ് എം ബുക്കിൽ പറഞ്ഞിരിക്കുന്നത് എന്നൽ പ്രവൃത്തി സ്ഥലത്ത് ഒരൊറ്റ ജൈവ വേലി പോലും കാണാൻ സാധിച്ചില്ല .350കുഴികൾ എം ബുക്ക് പ്രകാരം ഉണ്ട് .എന്നൽ 49കുഴികളാണ് എണ്ണി തിട്ടപ്പെടുതൻ കഴിഞ്ഞത് .ഇതിൽ 15 എണ്ണം ഒരു സ്ഥലത്ത് കുഴിച്ചിരുന്നെങ്കിലും അത് പൂർണമായും കാടുപിടിച്ച് കിടക്കുകയാണ്.പലകുഴികളും സ്ലാബ് ഇട്ട നിലയിലും മണ്ണ് തൂർന്ന നിലയിലും കാട് പിടിച്ച നിലയിലും ആണ് .കാണാൻ കഴിഞ്ഞത്...
- ★ പറമ്പുകളില്  ഒരേ സ്വഭാവമുള്ള പ്രവൃത്തികള്  നടന്നിരിക്കുന്നതിനാല്  ഒരു പുരയിടത്തില്  നടന്നിട്ടുള്ള പ്രവൃത്തി ഏത് പദ്ധതിയുടെ ഭാഗമായുള്ളതാണ് എന്ന് മനസ്സിലാക്കാന് പറ്റാത്ത അവസ്ഥയാണുള്ളത്. മേറ്റിനുപോലും ഇത് മനസ്സിലാക്കിയെടുക്കാന്  പറ്റുന്നില്ല. മാത്രമല്ല ഓഫീസിലെ പ്രസ്തുത പ്രവൃത്തികളുടെ വര്  ക്ക് ഫയല്  പരിശോധിച്ചപ്പോള് വ്യക്തിഗത ഗുണഭോക്താക്കളെ തിരിച്ചറിയാനുള്ള യാതൊരുവിധ രേഖകളും കാണാനും കഴിഞ്ഞില്ല. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികളല്ല നടന്നിരിക്കുന്നത് എന്നതിനാല് പ്രവൃത്തികളുടെ അളവുകള്  പരിശോധിക്കാനും കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. കുഴികളുടെ എണ്ണമെടുക്കാന്  പോലും പറ്റാത്ത രീതിയില്  കുഴികളില്  വാഴകളും, ചേമ്പ്, ചേന എന്നിവയും നട്ട് പോയിട്ടുണ്ട്. ഇത്തരത്തിലുള്ള സ്വകാര്യ വ്യക്തി കളുടെ ഭൂമിയിൽ പ്രവൃത്തികൾ നടക്കുമ്പോൾ ഉടമസ്ഥരും കൂടി പണിക്കിറങ്ങണം എന്ന് നിയമമുണ്ടെങ്കിലും പലയിടത്തും അത് സംഭവിക്കുന്നില്ല.
- ★ എം. ബുക്കിൽ 76എർത്ത് ബണ്ടുകൾക്ക് 99.19 രൂപ വീതം 7538.44രൂപയാണ് ചെലവു വകയിരുത്തിയിരിക്കുന്നത്. പ്രവൃത്തി സ്ഥലത്ത് 10എർത്ത് ബണ്ടുകൾക്ക് 99. 19 രൂപ വീതം 991.9 രൂപയാണ് ചെലവായിരിക്കുന്നത്. പച്ചക്കറി കുഴികൾ ,മഴക്കുഴികൾ,waste കുഴികൾ എന്നിവക്ക് എം .ബുക്ക് പ്രകാരം 350 കുഴികൾക്ക് 169.38 രൂപ വീതം 59283 രൂപയാണ് വകയിരുത്തിയിരിക്കുന്നത്.എന്നാൽ പ്രവൃത്തി സ്ഥലത്ത് ആകെ 49 കുഴികളാൾക്ക്  169.38 രൂപ വീതം 8299.62 രൂപയുടെ പ്രവൃത്തി നടന്നിട്ടുണ്ട്. എം ബുക്ക് പ്രകാരം 8 സ്റ്റോൺ ബണ്ടുകൾ

989.15 രൂപ വീതം 7913.13 രൂപയാണ് വകയിരുത്തിയിരിക്കുന്നത് എന്നാൽ പ്രവൃത്തി സ്ഥലത്ത് 10 എണ്ണത്തിന് 989.15 രൂപ വീതം 9891.5 പ്രവൃത്തിയാണ് നടന്നിരിക്കുന്നത്.എം ബുക്കിൽ 15 ജൈവവേലി 8.13രൂപ വീതം 121.95 എന്നാണ് എന്നൽ പ്രവൃത്തി സ്ഥലത്ത് ഇത് കാണാൻ കഴിഞ്ഞില്ല..ഇത് നഷ്ടമായി കണക്കാക്കേണ്ടത് ആയി വരും.

- ★ ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം എന്ന പദ്ധതി യില് എം ബുക്ക് പ്രകാരം ഉള്ള board കാണാൻ സാധിച്ചില്ല.3000രൂപ ഇതിനായി വകയിരുത്തി യിട്ടുണ്ട്.
- ★ ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം എപിഎൽ കുടുംബങ്ങളിൽ ചെയ്യുന്നപദ്ധതിയാണ്. എന്നാൽ എന്നാൽ കൂടുതലും ബിപിഎൽ എസ് കുടുംബങ്ങൾക്കാണ് മുൻഗണന നൽകിയിരിക്കുന്നത്. ഇതിൽ ബെനിഫിഷ്യറി ലിസ്റ്റ് പ്രകാരം ആകെ ആറു വീടുകൾ മാത്രമേ എപിഎൽ കുടുംബങ്ങളിൽ പെടുന്നത്.
- ★ പ്രധാനമായും വേസ്റ്റ് കുഴി ,കക്കൂസ് കുഴി ,പച്ചക്കറി കുഴി ,മഴക്കുഴി എന്നിവയാണ് ഉൾപ്പെട്ടിരിക്കുന്നത്.
- ★ IHHL നിർമ്മാണ ം ശ്രീമതി പദ്ധതിയിൽ നിർമിച്ച ടോയ്‌ലറ്റ് ഉപയോഗ്യ മാണ് കൂടാതെ ഗുണകരവും

* IHHL നിർമ്മാണ ം രമ്യാ സുനിൽ കുമാർ പദ്ധതിയിൽ നിർമിച്ച ടോയ്‌ലറ്റ് ഉപയോഗ്യ മാണ് കൂടാതെ ഗുണകരവും

- ★ ലൈഫ് ഭവന നിർമാണം മറിയുമ്മ കുറ്റിയറ്റിൽ വീട് പണികഴിഞ്ഞിരിക്കുന്ന്.വീട്ടിൽ താമസം തുടങ്ങിയിട്ടില്ല..
- ★ എം ബുക്ക് പ്രകാരം 4പ്രവൃത്തികളിൽ ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം എന്ന പ്രവൃത്തി യിൽ മാത്രമാണ് സി ഐ ബി ഉള്ളത് അത് കാണാനും കഴിഞ്ഞില്ല..
- ★ IHHL നിർമാണം,ലൈഫ് ഭവന നിർമ്മാണം എന്നിവയിൽ പ്രവൃത്തി സ്ഥലത്ത് സി ഐ ബി ബോർഡ് കാണാൻ സാധിച്ചില്ല ..

<u>പ്രവര് ത്തികളുടെ ഗുണമേന്മ സംബന്ധിച്ചുള്ള നിരീക്ഷണങ്ങള്</u>

എസ്റ്റിമേറ്റില് പറയും പ്രകാരമല്ല പല പ്രവര് ത്തികളും നടന്നിട്ടുള്ളത്.(പ്രവര് ത്തി നടക്കുന്ന ഭുവുടമയുടെ ആവശ്യപ്രകാരം ആവശ്യമായ പ്രവര് ത്തികള് ചെയ്തു കൊടുക്കുന്ന രീതിയാണ് കണ്ടുവരുന്നത്.അതിനാല് പ്രവര് ത്തികള് ക്ക് ഉയര് ന്ന ഗുണനിലവാരം കാണാന്

കഴിയുന്നുണ്ട്.ഇതിനു വേണ്ടി തൊഴിലാളികള് കഠിനാധ്വാനം ചെയ്യുന്നതും കാണാന് കഴിഞ്ഞു..ചുരുക്കത്തില് എസ്റ്റിമേറ്റുകള് പ്രദേശത്തിന്റെ പ്രത്യേകതകളോ ആവശ്യകതകളോ മനസ്സിലാക്കി ഉണ്ടാക്കിയതല്ല എന്ന് മനസ്സിലാക്കാവുന്നതാണ്.

## മെറ്റീരിയൽ വർക്ക് സംബന്ധിച്ചുള്ള നിരീക്ഷണങ്ങൾ

എല്ലാ വർക്കുകളിലും സാധന ഘടകം എസ്റ്റിമേറ്റ് പ്രകാരം ഉണ്ട്.എന്നാൽ പ്രോക്യുർമെന്റ് കമ്മറ്റികളെ ഒരു ഫയലിൽ പോലും കാണാൻ കഴിഞ്ഞില്ല.മാത്രമല്ല MIS പ്രകാരം കണ്ട ബില്ലുകൾ ഫയലിൽ കാണാൻ കഴിഞ്ഞില്ല.എന്നൽ ഉപയോക്താക്കൾ സാധനം വാങ്ങിയതിന്റെ ബില്ലുകൾ സൂക്ഷിച്ചിട്ടുണ്ട്..

## സംയോജിത പദ്ധതികൾ സംബന്ധിച്ച നിരീക്ഷണങ്ങൾ

രേഖകൾ പ്രകാരം സംയോജിത പദ്ധതികൾ സോഷ്യൽ ഓഡിറ്റ് കാലയളവിൽ ഒന്ന്കാണുകയുണ്ടായിട്ടുള്ളു. എന്നാൽ പ്രായോഗിക തലത്തിൽ പല പദ്ധതികളും സംയോജിത സ്വഭാവമുള്ളതാണ്(IHHL). . ഇത് പ്രായോഗികതലത്തിൽ സംയോജിത പദ്ധതികളായി തന്നെ പരിഗണിക്കാവുന്നതാണ് എന്നാൽ ഫയലുകൾ പ്രകാരം രേചകളൊന്നും കാണാൻ സാധിച്ചില്ല

## പുതിയ പ്രവർത്തികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ അഭിപ്രായങ്ങൾ/നിരീക്ഷണങ്ങൾ

കാലാവസ്ഥാ വ്യതിയാനത്തിന് റെ കെടുതികൾ ധാരാളം നിശബ്ദമായി പ്രതിഫലിക്കുന്ന ഒരു വാർഡാണ് അയങ്കലം വാർഡിലെ തൊഴിലുറപ്പ് പദ്ധതിയുടെ പൊതു സ്വഭാവത്തിൽ തന്നെ ഇത് പ്രതിഫലിക്കുന്നുണ്ട്. കാലാവസ്ഥാ മാറ്റത്തിന് പ്രതിരോധിക്കാൻ തക്ക രീതിയിലുള്ള പദ്ധതികൾ കണ്ടെത്തി നടപ്പിൽ വരുത്തുന്നത് വാർഡിന് ഗുണകരമായിരിക്കും. വാർഡിൽ ലഭ്യമായ സ്ഥലങ്ങളിലെല്ലാം പച്ചപ്പ് വളർത്തിയെടുത്ത് ചൂട് നിയന്ത്രിക്കാൻ ശ്രമിക്കുന്നത് ഗുണകരമായിരിക്കും. പൊതുവായ ഉപയോഗങ്ങൾക്ക് ലഭ്യമായ രീതിയിലുള്ള കുളങ്ങളുടെ നവീകരണം, റോഡ് നവീകരണം ഹൈവേയുടെ ഓരങ്ങളിലും മറ്റ് റോഡരികുകളിലും തണൽമരങ്ങളും ഫലവൃക്ഷങ്ങളും നട്ടുവളർത്തി വഴിയാത്രക്കാർക്കും തദ്ദേശീയർ ക്കും കുളിർമ്മയും നാടിന് പോഷക സമ്പന്നതയും ഉറപ്പുവരുത്തുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

***


ഓഡിറ്റ് ടീം

1.സ്വാതി .കെ .കെ(കുറ്റിപ്പുറം ബ്ലോക്ക്)


2. ശ്രുതി .കെ(പൊന്നാനി ബ്ലോക്ക്)

3. ആതിര . കെ. സി (പൊന്നാനി ബ്ലോക്ക്)

അനുബന്ധം 1(മസ്റ്റ റോളിൽ കണ്ട വെട്ടിത്തിരുത്തലുകൾ)




ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജലസംരക്ഷണം സന്ദർശിച്ച വീടുകൾ1.



തവനൂർ പഞ്ചായത്ത് W/15 അയങ്കലം

1. കാടുപറമ്പിൽ, രവി
2. കാടുപറമ്പിൽ, അമ്മുക്കുട്ടി
3. കഴുവേറ്റും കുന്ന്, ആത്തിക്ക
4. കയ്പമംഗലത്ത് പറമ്പിൽ, ശ്രീമതി
5. കയ്പമംഗലത്ത് പറമ്പിൽ, ലീല
6. കയ്പമംഗലത്ത് പറമ്പിൽ, ഷീജ
7. കാടുപറമ്പിൽ, കന്നി
8. കയ്പമംഗലത്ത്, പ്രദീപ്
9. ചാഞ്ഞാത്ത്, നായീൻകുട്ടി
10. പറമ്പിൽ പീടികയിൽ, മമ്മിക്കുട്ടി ഹാജി
11. കയ്പമംഗലത്ത് പറമ്പിൽ, മിനി
12. മുത്തള്ളൂർ കാടുപറമ്പിൽ, ശോഭ
13. മുത്തള്ളൂർ കാടുപറമ്പിൽ, കമല
14. പാറപ്പുറത്ത് പൊന്നുണ്ണിമ
15. കുറിയാട്ടിൽ, മാനു മുസ്ലിയാർ
16. ആയക്കോട്ടിൽ അമ്മാളു
17. ആയക്കോട്ടിൽ സരോജിനി
18. ചിറക്കത്ത് കദീജ
19. പൊന്നുവളപ്പിൽ പ്രസന്ന
20. [illegible] പീടികയിൽ [illegible]

SHOT ON REDMI NOTE5 PRO
MI DUAL CAMERA




21. വലിയകണ്ടം പറമ്പിൽ വസന്ത
22. പുഴിക്കുന്നത്ത് പറമ്പിൽ, സുഭദ്ര
23. പുഴിക്കുന്നത്ത് പറമ്പിൽ, സിന്ധു
24. തെക്കേ പീടികയിൽ, ഹസ്സൻ
25. കിണറ്റുകര വളപ്പിൽ സരോജിനി
26. കിണറ്റുകര വളപ്പിൽ ദേവകി
27. കിണറ്റുകര വളപ്പിൽ ചന്ദ്രിക
28. കിണറ്റുകര വളപ്പിൽ ശോഭന
29. കിണറ്റുകര വളപ്പിൽ ദേവകി
30. കല്ലടിയിൽ, വിജി
31. കല്ലടിയിൽ, ശ്രീമതി
32. വാക്കേലവളപ്പിൽ, മാധവി
33. വക്കയിൽ പറമ്പിൽ, മിനി
34. പണ്ടാരപറമ്പിൽ, ബിന്ദു
35. കിണറ്റുകര വളപ്പിൽ ലക്ഷ്മി
36. നായാടിക്കുന്ന് കുഞ്ഞി
37. കുന്നത്ത്, റൊയ്ഉ
38. പുളിക്കൽ, കുമാരൻ
39. തേക്കിൽ റഫീക്ക്
40. തേക്കിൽ റാഫി
41. മുത്തള്ളൂർ പറമ്പിൽ, ശോഭന


മേറ്റ്: ഷീനു [signature]
വാർഡ് 15 അയങ്കലം
തവനൂർ പഞ്ചായത്ത്

SHOT ON REDMI NOTE5 PRO
MI DUAL CAMERA


തൊഴിലാളികളിൽ നിന്നും എഴുതി വാങ്ങിയ പരാതി



11 വർഷമായി പതിനഞ്ചാം വാർഡിൽ ജോലി ചെയ്തുവരുന്ന  പതിനാലാം വാർഡിലെ സരോജിനി എന്ന തൊഴിലാളി ജോലി ചെയ്യാൻ ഡിമാൻഡ് നൽകിയിട്ടും മാസ്റ്റർ റോളിൽ പേര് ചേർക്കു ന്നില്ല എന്ന് കാണിച്ച് നൽകിയ പരാതി.



സന്ദർശിച്ച് APL വീടുകൾ



1) അമ്മായത്ത് കൊമ്പശ്ശേരി, ഇബ്രാഹി
2) ചിറക്കത്ത് മുക്കിലകത്ത്, ബീരാൻ
3) ചിറക്കത്ത് പട്ടുറിയാലിൽ, ഇബ്രാഹിം
4) ഉരോത്ത് പറമ്പിൽ പരീക്കുട്ടി
5) ലൈല
6) വാക്കേലവളപ്പിൽ കമ്മു.

**<u>സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട്</u>**

തവനൂർ പഞ്ചായത്തിലെ പതിനഞ്ചാം വാർഡ് അയങ്കലം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽഓരോ ആറുമാസം കൂടുമ്പോഴും നടത്തേണ്ട സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ ഭാഗമായുള്ള വാർഡിലെ ആദ്യ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 4/12/19 ബുധനാഴ്ച അയങ്കലം മദ്രസയിൽ വെച്ച് രാവിലെ പത്തരയ്ക്ക് ചേർന്നു.യോഗത്തിൽ വാർഡിലെ തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ അംഗങ്ങൾ, പാടശേഖര സമിതി അംഗങ്ങൾ, വാർഡ് മെമ്പർ ശ്രീ രാധാകൃഷ്ണൻ ,പഞ്ചായത്ത് എഇ ശ്രീമതി അമ്പൂ ഗണേശൻ ,പഞ്ചായത്ത് d.e.o. ശ്രീമതി ദൃശ്യ,ബ്ലോക്ക് റിസോഴ്സ് പേഴ്സണായ അഞ്ചു .ps,village resource person s  സ്വാതി kk,ആതിര k,c,നിലവിൽ വാർഡിൽ പ്രവർത്തിക്കുന്ന വിഎംസി കമ്മിറ്റി അംഗങ്ങൾ എന്നിവർ ഗ്രാമസഭയിൽ പങ്കെടുത്തു.37 പേരുടെ സജീവപങ്കാളിത്തം ഗ്രാമസഭയിൽ ഉണ്ടായിരുന്നു.കഴിഞ്ഞ സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ ശോഭന എന്ന തൊഴിലാളിയെ ഗ്രാമസഭ അധ്യക്ഷയായി തെരഞ്ഞെടുത്തു. യോഗത്തിൽ വാർഡ് മെമ്പർ ശ്രീ രാധാകൃഷ്ണൻ സ്വാഗതം പറഞ്ഞു.തുടർന്ന് അധ്യക്ഷയുടെ സമ്മതത്തോടുകൂടി ഗ്രാമസഭ ആരംഭിച്ചു .ഗ്രാമസഭയിൽ സോഷ്യൽ ഓഡിറ്റ് പ്രതിജ്ഞ വി ആർ പി ആതിര ചൊല്ലിക്കൊടുത്തു. എല്ലാവരും എഴുനേറ്റു നിന്ന് ഉറച്ച സ്വരത്തിൽ പ്രതിജ്ഞ ചൊല്ലി. ഗ്രാമസഭയിൽ ആമുഖം നൽകിയതിനുശേഷം vrp സ്വാതി സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. വിശദമായ ചർച്ച നടത്തുകയും ചെയ്തു.തൊഴിലുറപ്പ് തൊഴിലാളികൾ ,ജനപ്രതിനിധികൾ ,പാടശേഖര സമിതി അംഗങ്ങൾ, തൊഴിലുറപ്പ് വിഭാഗം ഉദ്യോഗസ്ഥർ എന്നിവർ ചർച്ചയിൽ സജീവമായി പങ്കെടുത്തു.തൊഴിലാളികൾക്ക് ആവശ്യമായ പ്രഥമശുശ്രൂഷ കിറ്റ്, സുരക്ഷാ ഉപകരണങ്ങൾ ,തണൽ നൽകുന്നതിനാവശ്യമായ ടാർപോളിൻ ഷീറ്റ്,കുടിവെള്ളം എന്നിവ ഒരുക്കി കൊടുക്കുന്നതിനെ കുറിച്ചും തൊഴിലാളികൾക്ക് ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് കുറിച്ചും നിർമിത പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ആവശ്യകതയെ കുറിച്ചും ചർച്ച ചെയ്തു.തൊഴിലിടങ്ങളിൽ അപകടം സംഭവിച്ചാൽ ചെയ്യേണ്ട പ്രാരംഭ നടപടികളെക്കുറിച്ചും തൊഴിലാളികൾ ചികിത്സാ സഹായത്തിനായി നൽകേണ്ട അപേക്ഷകൾ കുറിച്ചും സംസാരിച്ചു. തൊഴിലാളികൾ അവർക്ക്  റെയിൻകോട്ട്, തൊപ്പി, ഐഡൻറിറ്റി ടാഗ്, യൂണിഫോം എന്നിവ വേണമെന്ന ആവശ്യം മുന്നോട്ടുവച്ചു.നിലവിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പലയിടങ്ങളിലും സ്ഥാപിക്കാത്ത എന്താണെന്ന എന്ന്ചോദ്യത്തിന്ഫണ്ട്  ലഭ്യമല്ലാത്തതിനാൽ കാലതാമസം നേരിടുന്നത് എന്ന പഞ്ചായത്ത് ഉദ്യോഗസ്ഥർ അറിയിച്ചു.പ്രാഥമിക ശുശ്രൂഷ കിറ്റ് മേറ്റ് സ്വന്തം ചെലവിൽ വാങ്ങിയതാണെന്നും അതിനു ചെലവായ തുക എങ്ങനെ പരിഹരിക്കാം എന്ന ചോദ്യത്തിന് വാങ്ങിയതിന് രേഖയായി സൂക്ഷിച്ചിട്ടുള്ള ബില്ല് പഞ്ചായത്ത് സമർപ്പിച്ചാൽ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാം എന്ന് അറിയിച്ചു. കൂടാതെ പഞ്ചായത്തിൽ നിന്ന് ആദ്യം ലഭിച്ച ആയുധങ്ങൾക്ക് മൂർച്ച ഇല്ല എന്ന പരാതി ഉയർന്നുവന്നു. എന്നാൽ നിലവിലുള്ള കൂട്ടുന്നതിനുള്ള ഫണ്ട് പഞ്ചായത്തിൽ നിന്ന് ലഭിക്കാൻ സാധ്യതയില്ല എന്നാണ് പഞ്ചായത്ത് ഉദ്യോഗസ്ഥർ അറിയിച്ചത്.അതിനു പരിഹാരമായി പഞ്ചായത്തിലെ മൂർച്ചയില്ലാത്ത ആയുധം തിരിച്ചെതിക്ക്കയും

തൊഴിലാളികൾ സ്വന്തം വീട്ടിൽ നിന്ന് ആയുധങ്ങൾ കൊണ്ട് വരികയും ചെയ്താൽ ഷാർപ് നീ ചാർജ് ജ ഉറപ്പാക്കാം എന്ന തൊഴിലാളികളുടെ ഉദ്യോഗസ്ഥർ പറഞ്ഞു.11 വർഷമായി പതിനഞ്ചാം വാർഡ് ജോലി ചെയ്തുവരുന്ന സരോജിനി, കുഞ്ഞമ്മ ,വനജ എന്നിവരോട് ഒരുമിച്ച് ച്ച തങ്ങളെ പതിനഞ്ചാം വാർഡിൽ തന്നെ ജോലിക്ക് അനുവദിക്കണം എന്ന രീതിയിലുള്ള ഒരു നിവേദനം അതാത് വാർഡ് മെമ്പർ മുഖാന്തരം പഞ്ചായത്ത് ബോർഡിന് സമർപ്പിക്കാൻ പറഞ്ഞു. തൊഴിലുറപ്പ് ഉദ്യോഗസ്ഥരോടും അത് പരിഗണിക്കണമെന്ന ഗ്രാമസഭയിൽ അറിയിച്ചു.

പ്രവർത്തിയുടെ ഫയലിലും പ്രവർത്തി ഇടങ്ങളിലും പ്രവർത്തകരുടെ വിവരങ്ങൾ എല്ലാവർക്കും മനസ്സിലാക്കുന്നതിനായി ജനകീയ എസ്റ്റിമേറ്റ് സൂക്ഷിക്കുന്നതിനു തീരുമാനമായ

മേറ്റ് സ്വന്തം ചെലവിൽ വാങ്ങിയ മരുന്നുകളുടെ വില പഞ്ചായത്ത് സമർപ്പിച്ചാൽ തുക തിരികെ നൽകാനുള്ള തീരുമാനം

സോഷ്യൽ ഓഡിറ്റ് തീരുമാനങ്ങൾ അധ്യക്ഷയുടെ അംഗീകാരത്തിനായി മുന്നോട്ടുവയ്ക്കുകയും ഗ്രാമസഭ കയ്യടി യിൽ സമ്മതം അറിയിക്കുകയും ചെയ്തു തുടർന്ന് എ ഡി എസ് എസ് എസ് മിനി നന്ദി പറഞ്ഞു. ശേഷം ഒന്നര യോടു കൂടി ഗ്രാമസഭ അ ധ്യക്ഷ പിരിച്ചുവിട്ടു.